പതിന്നാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1253 | 13.07.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ദേശീയ വനിതാ കമ്മീഷന്റെ കേരളാ സന്ദർശനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.സത്യൻ**<br>" **പി. ഉണ്ണി**<br>" **റ്റി.വി.രാജേഷ്**<br>" **വി. കെ. സി. മമ്മത് കോയ** | **ശ്രീ.പിണറായി വിജയൻ**<br>**(ബഹു.മുഖ്യമന്ത്രി)** |
| (എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടുന്ന തരത്തിൽ ദേശീയ കമ്മീഷനുകളോ ദേശീയ സമിതികളോ പെരുമാറുന്നത് അത്യന്തം ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുവാൻ ഇടയാക്കുമെന്നത് ഗൗരവമായി കാണുമോ;<br>(ബി) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ദേശീയ വനിതാ കമ്മീഷന്റെ മുന്നിൽ പരാതി നൽകുന്നതിന് ആർ.എസ്.എസിനെ ഒഴികെയുള്ള ഒരു സംഘടനാ പ്രതിനിധികളെയും അനുവദിക്കാതിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) രാജ്യത്തെ ഔദ്യോഗിക ഏജൻസിയായ കമ്മീഷനുമായി ബന്ധപ്പെട്ട് ഇത്തരം ആക്ഷേപങ്ങൾ വീണ്ടും ഉണ്ടാകാതിരിക്കുന്നതിനായി പ്രശ്നങ്ങൾ ബന്ധപ്പെട്ടവരെ ഗൗരവമായി ധരിപ്പിക്കുന്നതിന് ശ്രമിക്കുമോ? | (എ),(ബി)&(സി) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടുന്ന തരത്തിൽ ഏതെങ്കിലും ദേശിയ കമ്മീഷൻ പെരുമാറിയതായോ, ദേശിയ വനിതാ കമ്മീഷന്റെ മുമ്പാകെ പരാതി നൽകുന്നതിന് ഏതെങ്കിലും സംഘടനകളെ അനുവദിക്കാതിരുന്നതായോ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ